# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 173 17.12.2012 ലെ മറുപടിക്ക്

## എയർലൈൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ : | | ശ്രീ. കെ.ബാബു.<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ പ്രവാസികളെ എയർഇന്ത്യയുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ എയർലൈൻ പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പ്രവാസിമലയാളികൾ പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തിരം കുറഞ്ഞചിലവിലുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുക എന്ന ഉദ്ദേശലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 'എയർ കേരള' എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ കേരളാ എയർലൈൻ പദ്ധതിക്ക് അനുമതി ലഭിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ? | (ബി) | കേന്ദ്രസർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും, 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവു ചെയ്തു നല്കണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രിയോട് കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. 2006 ൽ 'Ernst and Young' എന്ന കൺസൾട്ടന്റ് തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് പുനരവലോകനം ചെയ്തു പുതുക്കുന്നതിന് അവരെ തന്നെ നിയമിച്ചിട്ടുണ്ട്. ഈ മാസം (2012 ഡിസംബറിൽ) അവർ പുതുക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം എയർലൈൻ സർവ്വീസുകൾ ആരംഭിക്കുന്നതിനായി ഡയറക്ടർ ജനറൽ ഓഫ് സിവിൽ എവിയേഷന്റെ എൻ.ഒ.സിക്കായുള്ള അപേക്ഷ തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ